**റൂളിംഗ്**

<u>ചോദ്യം പരിഗണിച്ചതിൽ വന്ന വീഴ്ച</u>

<u>മി. സ്പീക്കർ</u>: 2021 ജൂൺ മാസം 7-ാം തീയതി സഭ മുമ്പാകെ വന്ന നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയ വേളയിൽ വേണ്ടത്ര അവധാനത പുലർത്തിയില്ലെന്നും ചോദ്യത്തിലെ ഉള്ളടക്കം നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 36 (2) (എ), (സി), (ഡി) എന്നിവയുടെ ലംഘനമാണെന്നും അതുകൊണ്ട് പ്രസ്തുത ചോദ്യം അന്നേ ദിവസത്തെ ചോദ്യങ്ങളുടെ ലിസ്റ്റിൽനിന്നും ഒഴിവാക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) കത്തുനൽകിയിരുന്നു. ഇക്കാര്യം ഒരു ക്രമപ്രശ്നമായി ഉന്നയിക്കാൻ അനുമതിതേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസും ചെയറിന് കത്തുനൽകിയിരുന്നു. ചോദ്യോത്തരവേള ആരംഭിക്കുന്നതിനുമുമ്പായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇതേവിഷയം ഉന്നയിക്കുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച് സഭയിൽ ഉയർന്നുവന്ന പൊതുവായ വികാരം വിലയിരുത്തിക്കൊണ്ട് അക്കാര്യം പ്രത്യേകമായി പരിശോധിക്കാമെന്ന് ചെയർ സഭയെ അറിയിക്കുകയും ചെയ്തിരുന്നു. നമുക്കൊക്കെ

അറിയാവുന്നതുപോലെ നിയമസഭ നടപടി ചട്ടങ്ങളിലെ ചട്ടം 36 (2) (എ) മുതൽ (യു) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ചോദ്യങ്ങൾ സംബന്ധിച്ചുള്ള നോട്ടീസുകൾക്ക് അനുമതി നൽകിയിരുന്നത്. അപ്രകാരം ലഭിക്കുന്ന നോട്ടീസുകളിൽ പലപ്പോഴും വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ അരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തിപരമായ സ്റ്റേറ്റ്മെന്റുകളോ ഒക്കെ കടന്നുകൂടാറുണ്ട്. അത്തരം പ്രയോഗങ്ങൾ ഒഴിവാക്കിയാണ് അന്തിമമായി ചോദ്യങ്ങൾക്ക് അനുമതി നൽകിവരുന്നത്. പലപ്പോഴും അത്തരം ഒഴിവാക്കലുകൾക്കെതിരെ ചോദ്യകർത്താക്കൾ പരാതിപ്പെടുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്.

ഇവിടെ പരാമർശവിധേയമായ ചോദ്യത്തിനുള്ള നോട്ടീസ് പരിശോധിച്ച് അനുമതി നൽകുന്ന കാര്യത്തിൽ വേണ്ടത്ര അവധാനത പുലർത്തിയില്ലെന്ന ആക്ഷേപം വിശദമായി പരിശോധിച്ചതിൽ, മനഃപൂർവ്വമല്ലാത്ത ഒരു വീഴ്ച നിയമസഭ സെക്രട്ടേറിയേറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. കോവിഡ് വ്യാപനകാലമായതിനാൽ മിതമായ തോതിലുള്ള ജീവനക്കാരുടെ സേവനം മാത്രമാണ് ഈ സമ്മേളനകാലത്ത് നിയമസഭ സെക്രട്ടേറിയേറ്റിൽ

ലഭ്യമായിരുന്നത്. ആയതും ഇത്തരത്തിലുള്ള ഒരു പിശക് സംഭവിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് കാണുന്നു.

ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്യുന്ന കാര്യത്തിൽ ഇനിമുതൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള അറിയിപ്പ് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് നൽകുന്നതാണ്. ചോദ്യങ്ങൾക്ക് നോട്ടീസ് തയ്യാറാക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും ചട്ടം നിഷ്കർഷിക്കുന്ന വിധത്തിൽ അവ തയ്യാറാക്കി സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി ചെയർ ഓർമ്മിപ്പിക്കുന്നു.